**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം. ഷാനവാസ് എസ് ഐ.എ.എസ് )**

വിഷയം:- പൊതുവിദ്യാഭ്യാസം-പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2025-26 അധ്യയന വർഷം ഒഴിവുള്ള തസ്തികകളിൽ അധ്യാപകരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1 സ.ഉ. (സാധാ) നമ്പർ 1071/2011/പ.ജ.പ.വ.വി.വ., തീയതി 05/11/2011.
2. സ.ഉ.(സാധാ) 769/2017/പ.ജ.പ.വ.വി.വ., തീയതി 22/03/2017.
3. 25/01/2012 തീയതിയിലെ പൊ.വി.വ.ആർ1/77830//2011 നമ്പർ സർക്കാർ കത്ത്.
4. 16/08/2012 തീയതിയിലെ പൊ.വി.വ..ആർ 1/12012/2011/പൊ.വി.വ നമ്പർ സർക്കാർ കത്ത്
5. 29.04.2025 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/1369/2025-D4 നമ്പർ ഉത്തരവ്.
6. 26.04.2025 തീയതിയിലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/9629/2021-C1(EDN C) നമ്പർ ഉത്തരവ്.
7. 16.10.1999 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/1369/2025-D4 നമ്പർ സർക്കുലർ.
8. 08.05.2025 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള DGE/7101/2025-A2 നമ്പർ സർക്കുലർ.
9. 09.05.2024 ലെ പട്ടികജാതി പട്ടികവർഗ്ഗ (ഡി) വകുപ്പിന്റെ സ.ഉ (സാധാ)281/2024/SCSTD നമ്പർ സർക്കാർ ഉത്തരവ്.
10. 16.06.2025 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള DGE/14862/2024-A2 നമ്പർ നടപടി ഉത്തരവ്.

**ഉത്തരവ് നമ്പർ എ2/7101/2025/ഡി.ജി.ഇ തീയതി : 25-06-2025**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധ്യാപക/മാനേജർ-കം-റസിഡന്റ് ട്യൂട്ടർ (എം.സി.ആർ.റ്റി.-എച്ച്.എസ്.എ കേഡർ) തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (1), (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുന്നതിനു സന്നദ്ധരായ അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, നിലവിലുള്ള ഒഴിവുകളിൽ സ്ഥലംമാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് താൽപര്യമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പിൻറെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് പരാമർശം (5) ഉത്തരവനുസരിച്ച് രൂപീകരിച്ച ഇന്റർവ്യൂ കമ്മിറ്റി 28/05/2025,30/05/2025 തീയതികളിലും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്കുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള കൂടിക്കാഴ്ച പരാമർശം (6) പ്രകാരം രൂപീകരിച്ച കമ്മിറ്റി 27/05/2025

തീയതിയിലും നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണന പട്ടിക തയ്യാറാക്കി അവരുടെ പേരിനു നേരെ കൊടുത്തിരിക്കുന്ന സ്കൂളുകളിൽ നിലവിലുള്ള ഒഴിവിൽ നിബന്ധനകൾക്ക് വിധേയമായി ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (2),(9) സർക്കാർ ഉത്തരവുകൾ പ്രകാരം എം.ആർ.എസ്സിൽ സേവനം ചെയ്യുന്ന അധ്യാപകരുടെ സേവനം തുടർച്ചയായ മൂന്ന് വർഷമായി സർക്കാർ പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ മൂന്ന് വർഷത്തിൽ കൂടുതൽ സേവനം ചെയ്യുന്ന അധ്യാപകരുടെ തസ്തികകൾ പ്രതീക്ഷിത ഒഴിവുകളായി പരാമർശം (8) പ്രകാരമുള്ള സർക്കുലറിൽ ഉൾപ്പെടുത്തിയിരുന്നു. 3 വർഷ സേവന പരിധി കഴിഞ്ഞ അധ്യാപകരെ പരാമർശം (10) പ്രകാരം നിലവിൽ ലഭ്യമായ ഒഴിവുകളിൽ തിരികെ നിയമിച്ചുത്തരവായിരുന്നു. പ്രസ്തുത അധ്യാപകരെ തിരികെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചതുമൂലം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ **(പ്രതീക്ഷിത ഒഴിവുകളായി പരാമർശം (8) പ്രകാരമുള്ള സർക്കുലറിൽ ഉൾപ്പെട്ടിരുന്ന)** നിലവിൽ വന്ന ഒഴിവുകളിലേക്കും നിലവിൽ ഉണ്ടായിരുന്ന ഒഴിവുകളിലേക്കുമാണ് നിയമനം നൽകിയിട്ടുള്ളത്. മൂന്ന് വർഷം കഴിഞ്ഞും സേവനം ചെയ്യുന്ന മുഴുവൻ അധ്യാപകരെയും നിലവിൽ തിരികെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിക്കുന്നതിന് ഒഴിവ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈ അധ്യയന വർഷം ജില്ലകളിൽ ഒഴിവുകൾ ലഭ്യമാകുന്ന മുറക്ക് മൂന്ന് വർഷം കഴിഞ്ഞും സേവനം ചെയ്യുന്ന അധ്യാപകരെ തിരിച്ചയക്കുന്നതും പ്രസ്തുത ഒഴിവുകളിലേക്ക് അഭിമുഖം വഴി തിരഞ്ഞെടുത്ത അധ്യാപകർക്ക് നിയമനം നൽകുന്നതുമാണ്. നിയമനം ലഭിച്ച അധ്യാപകരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവത്തിക്കുന്ന സ്കൂളുകൾ</u>**

| Sl no | Name and Present School | Post | Model Residential School | Nature of appointment |
|---|---|---|---|---|
| 1 | Nishad.W.A, HST Malayalam, GOVT MRS, Kulatthuppuzha. | HST Malayalam | Dr.Ambedkar Memorial Model Residential School Punnapra Alappuzha | Transfer not covered by IDT |
| 2 | Tessi Francis.P , HST Mathematics, GBHSS, Tirur,Malappuram, | HST Mathematics | Dr.Ambedkar Memorial Model Residential School Punnapra Alappuzha | Inter District Transfer |
| 3 | Anish Prithom Tony A.S, HST Physical Science, Govt. HSS, Karunagappally. | HST Physical Science | Dr.Ambedkar Memorial Model Residential School Punnapra Alappuzha | Transfer not covered by IDT |
| 4 | Nevil Pascal P.I, HST Physical Education, Govt. Achuthan | HST Physical | Dr.Ambedkar Memorial Model Residential School | Inter District |

| | | | | |
|---|---|---|---|---|
| | Girls HS, Chalappuram Kozhikkode. | Education | Punnapra Alappuzha | Transfer |
| 5 | Noufeera. C, HST Hindi, GVHSS Cheruvannur, Kozhikkode. | HST Hindi | Dr.Ambedkar Memorial Model Residential School Punnapra Alappuzha | Inter District Transfer |
| 6 | Shenitha.P.R, HST English, MRS Attappadi, Palakkad . | MCRT | Dr.Ambedkar Memorial Model Residential School Punnapra Alappuzha | Inter District Transfer |
| 7 | Reesha.S.R, HST Malayalam, GHSS Periya, Kasargod. | HST Malayalam | GMRS keezhmad Aluva | Transfer not covered by IDT |
| 8 | Ashna.N, HST Malayalam, GRFTHS&VHSS, Beypore Kozhikkode. | HST Malayalam | GMRS keezhmad Aluva | Transfer not covered by IDT |
| 9 | Rijosh George, HST Mathematics, GHS, Meenadathur, Malappuram. | HST Mathematics | GMRS keezhmadam Aluva | Inter District Transfer |
| 10 | Shinu.P.S, HST Hindi, GHSS Panidikkad. | HST Hindi | GMRS keezhmadam Aluva | Inter District Transfer |
| 11 | Yesudasan S, HST English, GBHSS Tirur, Malappuram. | HST English | GMRS Keezhmad, Aluva | Inter District Transfer |
| 12 | Mini.L, HST Physical Science , GHSS Patla,Kasargod. | HST Physical Science | GMRS Keezhmad Aluva | Transfer not covered by IDT |
| 13 | Sneha M.P, HST Mathematics, GWHS Panathur, Kasaragod. | HST Mathematics | GMRS Thrithala Palakkad | Transfer not covered by IDT |
| 14 | Rajesh.M, HST Physical, Education, GHSS Paravur, Alappuzha. | HST Physical Education | GMRS Thrithala Palakkad | Inter District Transfer |

| | | | | |
|---|---|---|---|---|
| 15 | Ratheesh M.C,<br>HST Physical Science,<br>GHSS, Pandi,<br>Kasaragod. | HST Physical Science | GMRS Wadakkanchery | Inter District Transfer |
| 16 | Priya K.G,<br>Drawing Teacher (HS),<br>PBMGHSS,<br>Kodungallur,<br>Thrissu.r | Drawing Teacher (HS) | GMRS Wadakkanchery | Transfer not covered by IDT |
| 17 | Asha M,<br>HST English,<br>GMRS Wadakkanchery. | HST English | GMRS Wadakkanchery | Transfer not covered by IDT |
| 18 | Rejoy M Rajan,<br>HST Malayalam,<br>GHS Kodiamme,<br>Kasargod. | HST Malayalam | GMRS Wadakkanchery | Transfer not covered by IDT |

**<u>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ  നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ</u>**

| sl no | Name and current School | Post | Model Residential School | Nature of Appointment |
|---|---|---|---|---|
| 1 | Rajesh .A,<br>HST English,<br>GBHSS, Tirur,<br>Malappuram. | HST English | Dr. AMMRS Kattela, Thiruvananthapuram | Inter District Transfer |
| 2 | Vidya V.L,<br>HST Mathematics,<br>GHSS Muthalamada,<br>Palakkad. | HST Mathematics | Dr. AMMRS Kattela, Thiruvananthapuram | Inter District Transfer |
| 3 | Ranjini P.P,<br>HS Physical Education Teacher,<br>GVHSS For Girls Nellikkunnu Kasargod, | HST Physical Education Teacher | Dr. AMMRS Kattela, Thiruvananthapuram | Inter District Transfer |
| 4 | Dileep.D,<br>HST Malayalam,<br>GHSS  Machad,<br>Thrissur. | HST Malayalam | Dr.AMMRS Kattela Thiruvananthapuram | Inter District Transfer |
| 5 | Soumya Y.N,<br>HST Social Science,<br>GVHSS for Girls | HST Social Science | Dr.AMMRS Kattella, Thiruvananthapuram | Transfer not covered by IDT |

| | | | | |
|---|---|---|---|---|
| | Tirur, Malappuram | | | |
| 6 | Sivaprasad .R,<br>HST Malayalam,<br>GHSS Kumaranellur,<br>Palakkad. | HST Malayalam | GMRS Kulathupuzha, Kollam | Inter District Transfer |
| 7 | Naseef A Jameel ,<br>HST Mathematics ,<br>GVHSS Vattenad,<br>Koottanad, Palakkad. | HST Mathematics | GMRS Kulathupuzha, Kollam | Inter District Transfer |
| 8 | Anees.A,<br>HST Social Science ,<br>GVHSS Vattenad,<br>Palakkad, | HST Social Science | GMRS Kulathupuzha, Kollam | Inter District Transfer |
| 9 | Prasad Kumar K.S,<br>Drawing Teacher,<br>(HST), GHSS,<br>Erimayur, Palakkad. | Drawing Teacher (HST) | GMRS Vadasserikkara, Pathanamthitta | Inter District Transfer |
| 10 | Sabu P.T,<br>HST Mathematics,<br>IGMMRS Nilambur<br>,Malappuram. | HST Mathematics | GMRS, Vadasserikkara, Pathanamthitta | Inter District Transfer |
| 11 | Manu.M,<br>HST Malayalam,<br>VMCGHSS Wandoor,<br>Malappuram. | HST Malayalam | GMRS, Vadasserikkara, Pathanamthitta | Transfer not covered by IDT |
| 12 | Sreedevi.P,<br>HST Hindi,<br>GHSS Ezhur,<br>Malappuram. | HST Hindi | GMRS Ettumanoor, Kottayam | Transfer not covered by IDT |
| 13 | Sandhya Mol.G,<br>HST Mathematics,<br>GTHS Kokkur,<br>Malappuram. | HST Mathematics | GMRS Ettumanoor, Kottayam | Transfer not covered by IDT |
| 15 | Mary Vironi<br>Neethu.K.A,<br>HST Malayalam ,<br>GHSS Uppilikai ,<br>12026, Kasargod. | HST Malayalam | GMRS Chalakkudy | Transfer not covered by IDT |
| 16 | Anoopa.T.R,<br>HST Mathematics,<br>AMMRGHSS,<br>Nalloornad,<br>Wayanad. | HST Mathematics | IGMRS Nilambur | Transfer not covered by IDT |
| 17 | Lijisha P.C,<br>LPST,<br>Govt.LPGS Punalur,<br>Kollam. | LPST | IGMRS Nilambur | Transfer not covered by IDT |

| | | | | |
|---|---|---|---|---|
| 18 | Jasna K.A, LPST, GLPS Tharish, Malappuram. | LPST | GMRS Thirunelly | Inter District Transfer |
| 19 | Jesna Azeez, GHSS Adhur, Kasargod. | LPST | GMRS Noolpuzha | Inter District Transfer |
| 20 | Ayoob.T, HST Social Science, GHSS Pallikkara, Kasaragod. | HST Social Science | GMRS Noolpuzha | Inter District Transfer |
| 21 | Savitha V.R, HST Malayalam, GHSS Kakkat, Kasargod. | HST Malayalam | GMRS Noolpuzha | Inter District Transfer |

1) ഈ ഉത്തരവിൻ പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരുന്ന സ്ഥലമാറ്റത്തിലൂടെ നിയമനം ലഭിച്ച അധ്യാപകർ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ജില്ലയിലെ ഏറ്റവും ജൂനിയർ ആയിരിക്കുന്നതാണ്. ടി അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജില്ലയിൽ ഏറ്റവും ജൂനിയറായി ജോലി നോക്കാം എന്ന ഒരു ഡിക്ലറേഷൻ പ്രധാനാധ്യാപകർ എഴുതിവാങ്ങേണ്ടതും ആയത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയശേഷം ഒട്ടിച്ച് സൂക്ഷിക്കേണ്ടതുമാണ്. ഇതിന് വിപരീതമായ നിലപാട് സ്വീകരിക്കുന്ന അധ്യാപകർക്ക് വിടുതൽ നൽകാൻ പാടില്ലാത്തതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

2 ) **അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകർ സർക്കാർ ഉത്തരവ് (പി) നം. 42/2012/ഉ.ഭ.പ.വ. തീയതി 23/08/2012 അനുസരിച്ച് പുതിയ ജില്ലയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ്.**

3) മേൽ വ്യവസ്ഥ (1) പ്രകാരം നിയമിക്കപ്പെട്ട അധ്യാപകർ ഒഴികെയുള്ള മറ്റ് അധ്യാപകർക്ക് (അന്തർജില്ലാ സ്ഥലമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ) നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്ക് പുറത്തുള്ള എം.ആർ.എസിലാണ് സ്ഥലംമാറ്റം ലഭിച്ചിരിക്കുന്നതെങ്കിൽ തന്നെയും നിർദ്ദിഷ്ട സർവ്വീസ് യോഗ്യതയില്ലാത്തതുകൊണ്ടും അല്ലെങ്കിൽ യോഗ്യതയുണ്ടായിട്ടും അപ്രകാരം അപേക്ഷ സമർപ്പിക്കാത്തതുകൊണ്ടും മേൽ സ്ഥലംമാറ്റങ്ങൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽപ്പെടുന്നതല്ല. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്ക് പുറത്തുള്ള എം.ആർ.എസ്സിൽ അന്തർജില്ലാ സ്ഥലമാറ്റത്തിന്റെ പരിധിയിൽ വരാത്ത സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സീനിയോരിറ്റി അവസാനം ജോലി ചെയ്ത ജില്ലയിൽ നിലനിർത്തി കണക്കാക്കുന്നതാണ്.

4) നിയമനം ലഭിച്ച അധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്തേണ്ടതാണ്. അധ്യാപകർ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്താത്ത

സാഹചര്യമുണ്ടായാൽ ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ഇവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും മറ്റൊരു അറിയിപ്പ് കൂടാതെ സ്ഥാപനത്തിൽ നിന്നും തിരിച്ചയക്കുന്നതുമാണ് .

5) ഈ നിയമനം 3 വർഷ കാലയളവിലേക്ക് മാത്രമായിട്ടുള്ളതാണ്. നിയമനം ലഭിച്ച അധ്യാപകർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലം പ്രസ്തുത സ്കൂളിൽ തന്നെ ജോലി ചെയ്യേണ്ടതാണ്. ഇതിലേയ്ക്കായി ഒരു ഡിക്ലറേഷൻ എഴുതി നൽകേണ്ടതും ആയത് പ്രധാന അധ്യാപകൻ സർവ്വീസ് ബുക്കിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്. ടി കാലയളവിനുശേഷം അവരെ മാതൃജില്ലയിലേക്കോ അന്തർജില്ല സ്ഥലംമാറ്റം നേടി വന്നവരെ ആ ജില്ലയിലെ തന്നെ അവരുടെ തനത് തസ്തികയിലേക്കോ മാറ്റി നിയമിക്കുന്നതാണ്.

6) എം.സി.ആർ.റ്റി. യായി നിയമനം ലഭിച്ച അധ്യാപകർ പരാമർശം (7) സർക്കുലറിലെ നിബന്ധന പ്രകാരമുള്ള ജോലികൾ കൂടി ചെയ്യേണ്ടതാണ്.

7) നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്. ൽ നിയമനം ലഭിച്ച അധ്യാപകർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിച്ച അധ്യാപകർക്കും നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കിയ ശേഷം ജില്ലയ്ക്കുള്ളിലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അധ്യാപകരെ എം.ആർ.എസ്. ൽ നിന്നും വിടുതൽ ചെയ്യുന്നതിന് പ്രധാന അധ്യാപകന് ഈ കാര്യാലയത്തിന്റെ അനുമതി ആവശ്യമാണ്.

8) എം.ആർ.എസ്. ലെ സേവന കാലാവധി പൂർത്തീകരിക്കുന്നതിനു മുമ്പ് മറ്റു സ്ഥലംമാറ്റങ്ങൾക്കോ ഡെപ്യൂട്ടേഷൻ മുഖേനയുള്ള മറ്റു നിയമനങ്ങൾക്കോ അധ്യാപകർ അപേക്ഷ നൽകാൻ പാടുള്ളതല്ല.

9) ശിക്ഷാ നടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്. ൽ നിന്നും സ്ഥലം മാറ്റപ്പെടുകയാണെങ്കിൽ, ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ എം.ആർ.എസ്. ലേയ്ക്ക് സ്ഥലംമാറി വന്നത്, അതേ ജില്ലയിലേക്ക് തന്നെ മാറ്റി നിയമിക്കുന്നതും, അന്തർ ജില്ലാ സ്ഥലംമാറ്റം വഴി വന്ന അധ്യാപകരെ, അവരുടെ അന്തർജില്ലാ സ്ഥലംമാറ്റം റദ്ദ് ചെയ്ത് മാതൃജില്ലയിലേക്ക് മടക്കി അയക്കുന്നതുമാണ്.

10) സ്ഥലംമാറ്റം ലഭിച്ച വന്ന അധ്യാപകരിൽ ആർക്കെങ്കിലും അവരുടെ മുൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റം/സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയാണെങ്കിൽ വിടുതൽ നൽകുന്നതിലേയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന് വിധേയമായി പ്രാധാനാധ്യാപകന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

11) കാലാകാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും, വിദ്യാഭ്യാസ വകുപ്പും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എം.ആർ.എസ്. ൽ നിയമനം ലഭിച്ച അധ്യാപകർ ബാധ്യസ്ഥരാണ്.

12) സ്ഥലംമാറ്റം നൽകപ്പെട്ട അധ്യാപകരുടെ വിടുതൽ/ജോലിയിൽ പ്രവേശിക്കപ്പെട്ട തീയതി എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും ബന്ധപ്പെട്ട വിദ്യാഭ്യാസ

ഉപഡയറക്ടറുടെ കാര്യാലയത്തിലും അറിയിക്കേണ്ടതാണ്.

13 ) **നോട്ടിഫൈ ചെയ്ത ഒഴിവുകളിൽ ഇനിയും നികത്തപ്പെടാത്ത ഒഴിവുകൾ (എം.സി.ആർ.റ്റി. ഒഴികെ) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തി അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ ഈ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം ലഭിച്ച എല്ലാ അധ്യാപകരെയും ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതാണ്. ഇപ്രകാരം ഉണ്ടാകുന്ന ഒഴിവുകളുടെ നിയമാനുസൃത വിഹിതം അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പൊതുസ്ഥലമാറ്റത്തിലൂടെ എം.ആർ.എസ്. ൽ ഉണ്ടാകുന്ന ഒഴിവുകളും, മറ്റ് ഒഴിവുകളും (എം.സി.ആർ.ടി. ഒഴികെ) പി.എസ്.സി. യ്ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

14) ഈ ഉത്തരവിൻ പ്രകാരം നടത്തിയിരിക്കുന്ന നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദ് ചെയ്ത് നൽകുന്നതല്ല. നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.

1 5 ) **മലപ്പുറം ജില്ലയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരിൽ ഇലക്ഷൻ ഡ്യൂട്ടിക്ക് നിയോഗിച്ച അധ്യാപകരെ പ്രസ്തുത ഡ്യൂട്ടി നിർവഹിച്ച ശേഷം വിടുതൽ ചെയ്യേണ്ടതാണ്.**

Signed by Shanavas S
പൊതുവിദ്യാഭ്യാസ ഡയറക്ടർ
Date: 25-06-2025 10:47:04

സ്വീകർത്താവ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന )

3) സ്ഥാപന മേധാവിമാർ (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)

4) ബന്ധപ്പെട്ട ജീവനക്കാർ (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)

5) സി.ഇ.ഒ കൈറ്റ് (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)